**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1748** **12-09-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക ചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങൾക്ക് യഥാർത്ഥവില ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉല്പന്നങ്ങൾക്ക് വിപണിവില ലഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | വിപണിയിൽ കാർഷികോല്പന്നങ്ങളുടെ വില ഇടിയുന്ന സമയങ്ങളിൽ വിലസ്ഥിരത ഉറപ്പാക്കി കർഷകരെ സംരക്ഷിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ്, പഴം, പച്ചക്കറി അടിസ്ഥാനവില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ മരിച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി തുടങ്ങി കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിരുന്നത്. കൂടാതെ ചേന, മത്തൻ, ചുരയ്ക്ക, കോവൽ, വഴുതന, കത്തിരി എന്നിവയ്ക്കും അടിസ്ഥാനവില പ്രഖ്യാപിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു.<br><br>കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉല്പന്നങ്ങൾ നിലവിലെ അടിസ്ഥാന വിലയ്ക്ക്, നോട്ടിഫൈ ചെയ്ത മാർക്കറ്റുകൾ വഴി സംഭരിക്കുകയും ചെയ്യുന്നു. പദ്ധതി പ്രകാരം പഴം, പച്ചക്കറികൾ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന അടിസ്ഥാന വിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൌണ്ടിലേയ്ക്ക് DBT യായി നല്കുന്നു. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം |

ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു.

കൂടാതെ ഉല്പന്നങ്ങൾക്ക് വിലയിടിയുന്ന സന്ദർഭങ്ങളിൽ പച്ചത്തേങ്ങ, നെല്ല് എന്നിവ സംഭരണ വില നിശ്ചയിച്ച് കർഷകരിൽ നിന്നും സംഭരിച്ച് വരുന്നു. നിലവിൽ കിലോയ്ക്ക് 34 രൂപ എന്ന കണക്കിൽ പച്ചത്തേങ്ങയും, കിലോയ്ക്ക് 28.20 രൂപ എന്ന കണക്കിൽ നെല്ലും സംഭരിച്ച് വരുന്നു. പച്ചത്തേങ്ങയുടെ സംഭരണ വില 32/- രൂപയായിരുന്നത് 2023 ഏപ്രിൽ 1 മുതൽക്കാണ് 34/- രൂപയായി ഉയർത്തിയത്. തേങ്ങയുടെ ഉല്പാദനചെലവും ഉല്പാദനവും കണക്കാക്കിയാണ് സംഭരണ വില/തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2023 സീസണിലെ തേങ്ങയുടെ താങ്ങുവില 29.30 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 04.70 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പ് വരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ലിന് കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന പ്രോത്സാഹന ബോണസ് വിഹിതവും ചേർത്ത് 2022-23 സീസൺ മുതൽ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 28.20 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

കൂടാതെ കൊപ്രയുടെ വില താഴ്ന്ന അവസരത്തിൽ കൊപ്രയുടെ താങ്ങുവില(പിഎസ് എസ്) പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ/ സ്വാശ്രയ കർഷക സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിനായി മാർക്കറ്റ്ഫെഡിനെയും VFPCK യെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്.

റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാത് ദിവസം

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നല്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് നല്കുന്നു. 2021 ഏപ്രിൽ ഒന്ന് മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് കിലോഗ്രാമിന് 150 എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നല്കുന്നത്.<br><br>കൃഷി വകുപ്പിന്റെ വിവിധ ഫാമുകളിലെ മൂല്യ വർധിത ഉൽപ്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡിൽ ആമസോൺ,ഫ്ലിപ് കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ് ഫോമുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കർഷകർ, കർഷക ഗ്രൂപ്പുകൾ, കൃഷിക്കൂട്ടങ്ങൾ തുടങ്ങിയവർ ഉൽപ്പാദിപ്പിക്കുന്ന മൂല്യ വർധിത ഉൽപ്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡിൽ ആമസോൺ, ഫ്ലിപ് കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ് ഫോമുകളിലൂടെ വിൽപ്പന നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു. ഇവയൊക്കെ കാർഷിക ഉത്പ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നു.<br><br>കൂടാതെ കാർഷിക ഉൽപ്പന്നങ്ങളെ മൂല്യ വർധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുന്നതിനും കാർഷികോത്പാദനക്ഷമത വർധിപ്പിക്കുന്നതിനും ഉൽപ്പന്ന സംഭരണം, ഉൽപ്പന്നങ്ങളുടെ വില, മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റു അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനുമായിട്ടാണ് മൂല്യ വർധിത കാർഷിക മിഷൻ (VAAM) രൂപീകരിച്ചിട്ടുള്ളത്.<br><br>കാർഷികോല്പന്നങ്ങളുടെ വിപണനത്തെ ശക്തിപ്പെടുത്തുന്നതിനായി 07.08.2023 തീയതിയിലെ സ ഉ (കൈ )നം.71/2023/കൃഷി സർക്കാർ ഉത്തരവ് പ്രകാരം കേരള അഗ്രോ ബിസിനസ്സ് കമ്പനി (KABCO) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇവയെല്ലാം തന്നെ കാർഷിക ഉത്പ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുവാനുള്ള സർക്കാർ ശ്രമത്തിന്റെ ഭാഗമാണ്. |

സെക്ഷൻ ഓഫീസർ